**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം:3899** **21/10/2016 ൽ മറുപടിക്ക്**

**കൃഷിവകുപ്പിലെ തസ്തികകളും സ്ഥലംമാറ്റവും**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.കൃഷ്ണൻകുട്ടി:** | **ശ്രീ.വി. എസ്. സുനിൽകുമാർ (കൃഷിവകുപ്പ് മന്ത്രി)** |
| എ) കൃഷി വകുപ്പിൽ എത്ര എ.ഡി.എ ഓഫീസുകൾ ഉണ്ട്; ഈ ഓഫീസുകളിൽ നിന്ന് പ്രതിവർഷം എത്ര രൂപ വീതം കർഷകർക്ക് നേരിട്ടും അല്ലാതെയും അനുവദിക്കാറുണ്ട്; | (എ) കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ 152 കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസുകളാണ് ഉള്ളത്. പ്രതിവർഷം ടി ഓഫീസുകളിൽ നിന്നും കർഷകർക്ക് നേരിട്ടും അല്ലാതെയും അനുവദിക്കുന്ന തുകകളെപ്പറ്റിയുള്ള വിവരം ശേഖരിച്ചുവരുന്നു. |
| ബി) പ്രസ്തുത ഓഫീസുകളിലെ ജോലിഭാരം കണക്കിലെടുത്ത് ഓരോ ജൂനിയർ സൂപ്രണ്ട്, ക്ളാർക്ക് തസ്തികകൾ കൂടുതലായി സൃഷ്ടിക്കാനുള്ള നടപടി സ്വീകരിക്കുമോ; | (ബി) കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസുകളിൽ കൂടുതൽ തസ്തികകൾ അനുവദിക്കുന്ന വിഷയം പരിശോധിക്കുന്നതാണ്. |
| സി) കർഷക പെൻഷൻ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ; നിലവിൽ അനർഹർ കർഷക പെൻഷൻ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) കർഷക പെൻഷൻ ലിസ്റ്റിൽ ധാരാളം അനർഹരായവർ ഉൾപ്പെട്ടിട്ടുണ്ടെന്ന് ധന വകുപ്പ് കൃഷി വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 60 വയസ്സ് പൂർത്തീകരിച്ച, 2 ഹെക്ടർ സ്ഥലം വരെ കൃഷി ഭൂമിയുള്ള ചെറുകിട-നാമമാത്ര കർഷകർക്കാണ് കർഷക പെൻഷൻ അനുവദിക്കുന്നത്. നിലവിലുള്ള മാനദണ്ഡങ്ങൾ പ്രകാരം അർഹതയുള്ളവരെയാണ് പെൻഷൻ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഇതിന്റെ അടിസ്ഥാനത്തിൽ നിലവിൽ അനർഹർ കർഷക പെൻഷൻ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിക്കുവാനും, നിലവിലുള്ള മാനദണ്ഡത്തിന്റെ അപാകതകൾ പരിശോധിക്കുവാനുമുള്ള നടപടികൾ നടന്നുവരുന്നു. |

(ഡി) അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ തസ്തികയിലേക്ക് പ്രൊമോഷൻ ലഭിക്കുന്ന ഉദ്യോഗസ്ഥർ പാലക്കാട്, കണ്ണൂർ, കാസർഗോഡ്, വയനാട് ജില്ലകളിൽ ജോലി ചെയ്യാൻ വിസമ്മതിക്കുന്നതും രാഷ്ട്രീയ/ഉദ്യോഗസ്ഥ സ്വാധീനം ഉപയോഗിച്ച് തെക്കൻ ജില്ലകളിലേയ്ക്ക് സ്ഥലംമാറ്റം വാങ്ങി പോകുന്നതും തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) സ്ഥലംമാറ്റം സംബന്ധിച്ച് നിലവിലുള്ള പൊതു മാനദണ്ഡങ്ങൾക്ക് അനുസരിച്ചാണ് കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ സ്ഥലംമാറ്റം നടന്നുവരുന്നത്. ഇത് കൂടുതൽ കാര്യക്ഷമമവും സുതാര്യവും ആക്കുന്നതിനായി അടുത്ത വർഷം മുതൽ സ്ഥലംമാറ്റം ഓൺലൈനായി നടത്തുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

(ഇ) കൃഷിവകുപ്പിലെ അസിസ്റ്റന്റ് ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ, ജോയിന്റ് ഡയറക്ടർ എന്നീ ഉയർന്ന തസ്തികകളിലെ ജീവനക്കാർ സ്വന്തം ജില്ലയ്ക്ക് വെളിയിലും മലബാർ മേഖലയിലും കുറഞ്ഞത് മൂന്നു വർഷമെങ്കിലും തുടർച്ചയായി ജോലി ചെയ്യണമെന്ന നിബന്ധന, കാർഷികവൃത്തിക്ക് മുൻതൂക്കം കൊടുക്കുന്ന ജില്ലകളിലെ ഉദ്യോഗസ്ഥ ക്ഷാമം പരിഹരിക്കാൻ പര്യാപ്തമാകുമെന്ന് കരുതുന്നുണ്ടോ; ഈ വിഷയത്തിൽ എന്തൊക്കെ കാര്യങ്ങൾ ചെയ്യാൻ ഉദ്ദേശിക്കുന്നുവെന്നും കൃഷിവകുപ്പിൽ ഒരു സ്ഥലംമാറ്റ നയം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നും വിശദമാക്കുമോ?

(ഇ) കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ ഒരു സ്ഥലംമാറ്റ നയം കൊണ്ടുവരുന്നത് സംബന്ധിച്ച നിർദ്ദേശം പരിശോധിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ